(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) സ്കൂളുകൾ എന്നത്തേക്ക് പൂർണ്ണമായും ഏറ്റെടുക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആറ്റിങ്ങൽ ഗവൺമെന്റ് വി.എച്ച്.എസ്.എസ്. ഹയർ സെക്കണ്ടറി ബ്ലോക്ക് നിർമ്മാണം

101 (1178) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവ: വി.എച്ച്.എസ്.എസിൽ ഹയർ സെക്കണ്ടറി ബ്ലോക്ക് നിർമ്മിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിൽ സമർപ്പിച്ചിരിക്കുന്ന ശിപാർശയിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കെട്ടിട സൗകര്യം തീരെക്കുറഞ്ഞ പ്രസ്തുത സ്കൂളിന് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇതിനായുള്ള ശിപാർശകൾ ഒന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) പൊതുമരാമത്ത് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയറിൽ നിന്നുള്ള പ്ലാനും എസ്റ്റിമേറ്റും ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഉത്തരം (എ) യുടെയും (ബി) യുടെയും അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

വിദ്യാഭ്യാസ അവകാശനിയമം

102 (1179) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്തെങ്കിലും കോടതി വിധിയുണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) കോടതി വിധിയിൻമേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly